വു വലിച്ചിരുന്നപ്പോൾ, 1981–ൽ അവരുടെ ശതമാനം 7 ആയി കുറഞ്ഞു വെന്ന് ഒരു പഠനം വെളിവാക്കുന്നു.

ഇന്ത്യയിലെ സ്ഥിതി എന്താണ്? അറിയാൻ ഒരു മാർഗവുമില്ല. ഒന്നുമാത്രം പറയാം: ഇന്ത്യയിൽ എവിടെയും എപ്പോഴും ആർക്കും കഞ്ചാവു സുലഭമായി കിട്ടും. പ്രത്യേകിച്ചും വിദ്യാലയങ്ങൾക്കു മുമ്പിലുള്ള മുറുക്കാൻ കടകളും പെട്ടിക്കടകളും കൊച്ചുചായക്കടകളും ആവശ്യക്കാർക്കു വേണ്ട എല്ലാ ലഹരിപദാർത്ഥങ്ങളും എപ്പോഴും നൽകാൻ തയ്യാറാണ് എന്നു കേൾക്കുന്നു. ഇനി, പരിഷ്കാരികൾക്കു വേണമെങ്കിൽ നഗരങ്ങളിൽ ഡിസ്കോത്തെക്കുകളും കോഫീബാറുകളും മററുമുണ്ട്. കഞ്ചാവോ, കറപ്പോ, എൽ. എസ്. ഡി. യോ, ഏതു ലഹരി പദാർത്ഥത്തിന്റെ പ്രചാരവും ഇവിടെ ആരും ഒരു പ്രശ്നമായി എടുത്തിട്ടില്ല. എടുക്കുന്ന ലക്ഷണവുമില്ല.

11 ഏപ്രിൽ, 1982

## 120. ഒരു മാസത്തിൽ പത്തു ലക്ഷം കുട്ടികൾ

ഇന്ത്യയിൽ ഓരോ മാസത്തിലും പത്തു ലക്ഷത്തിലേറെ കുട്ടികൾ പിറക്കുന്നുണ്ട്. കേരളസംസ്ഥാനത്തിൽ ഇന്നുള്ളതിൽ കൂടുതൽ ജനങ്ങൾ രണ്ടു വർഷംകൊണ്ട് ഇന്ത്യയിൽ അധികമായി ഉണ്ടാകുന്നു. ഈ വർദ്ധന പലിശയും കൂട്ടുപലിശയുമായി പെരുകുകയും ചെയ്യുന്നു.

ഇപ്പോൾ ലോകത്തിൽ ആകെയുള്ള ജനങ്ങളിൽ നൂററിനു പതിനഞ്ചു പേരും ഇന്ത്യാക്കാരാകുന്നു. അതേസമയം ലോകത്തിലാകെയുള്ള നിലത്തിന്റെ രണ്ടര ശതമാനമേ ഇന്ത്യയിലുള്ളു.

ലോകത്തിലേററവുമധികം ദാരിദ്ര്യമുള്ള രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ഇന്ത്യയേക്കാൾ ദരിദ്രങ്ങളായി ബംഗ്ലാദേശ്പോലെ ഒന്നോ രണ്ടോ രാജ്യങ്ങളേ ഉള്ളു.

പത്തു ലക്ഷം കുട്ടികൾ മാസംതോറും പിറക്കുന്നു എന്നതിനർത്ഥം പത്തു ലക്ഷം വായകൾക്കുകൂടി മാസംതോറും ഭക്ഷണം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു എന്നു മാത്രമല്ല, മാസംതോറും സ്കൂളുകളിൽ പത്തു ലക്ഷം അധികം സീററുകൾ, പത്തു ലക്ഷം അധികം ജോലികൾ, പത്തു ലക്ഷം പേർക്കുകൂടി പാർപ്പിട സൗകര്യങ്ങൾ, ചികിത്സാസൗകര്യങ്ങൾ, ഗതാഗതസൗകര്യങ്ങൾ വിനോദ സൗകര്യങ്ങൾ അങ്ങനെ 'ശവസംസ്കാര സൗകര്യങ്ങൾ'വരെ അനവധി സൗകര്യങ്ങൾ മാസംതോറും ഈ തോതിൽ കൂടുതലായി ഉണ്ടാവേണ്ടിയിരിക്കുന്നു.

കുടുംബസംവിധാനത്തെപ്പററി നാം പറയാൻ തുടങ്ങിയിട്ട് കാൽ നൂററാണ്ടിലേറെയായി. സന്താനനിയന്ത്രണത്തിനുവേണ്ടി ഗണ്യമായ ഒരു തുക ആണ്ടുതോറും ചെലവഴിക്കുകയും ചെയ്യുന്നു. എന്നിട്ടും നിന്നേടത്തു നില്ക്കാനല്ലാതെ മുന്നോട്ടു പോകാൻ നമുക്കു കഴിയുന്നില്ല. കഴിഞ്ഞ പത്താണ്ടിൽ ജനസംഖ്യയുടെ വളർച്ചനിരക്ക് ഇന്ത്യയിൽ കുറയുകയുണ്ടായില്ല. 1971–ൽ ജനസംഖ്യാവർദ്ധന ആയിരത്തിന് ഇരുപത്തിയഞ്ച് (24.80) ആയിരുന്നു. 1981–ലും നാം അതേ വർദ്ധനനിരക്കുതന്നെ (24.75) നിലനിർത്തുന്നു. ജനനനിരക്കിലുള്ള ചെറിയ കുറവിനെ മരണനിരക്കിലുള്ള വലിയ കുറവ് നികത്തുന്നു. ജനസംഖ്യാവർദ്ധനയിലുള്ള ഈ പ്രവണത ഭാവിയിലും തുടരുമെന്നാണു കരുതപ്പെടുന്നത്. കഴിഞ്ഞ മുപ്പതു വർഷത്തിൽ ഇന്ത്യയിൽ മുപ്പത്തിരണ്ടു കോടി മുപ്പതു ലക്ഷം ജനങ്ങൾ വർദ്ധിച്ചു.

ഇൻഡോനേഷ്യ, ബ്രസീൽ, ബംഗ്ലാദേശ് എന്നീ വലിയ രാജ്യങ്ങളുടെ ഇപ്പോഴത്തെ ജനസംഖ്യയുടെ ആകെത്തുകയോളമാണിതു്.

ഇന്ത്യയിൽ ജനസംഖ്യാവർദ്ധന കുറവായ സംസ്ഥാനങ്ങളിൽ രണ്ടാമത്തെ സ്ഥാനമാണ് കേരളത്തിനു്. 1971–ൽ കേരളത്തിലെ ജനസംഖ്യാവർദ്ധന ആയിരത്തിനു് 26.3 ആയിരുന്നു. 1981–ൽ അതു് ആയിരത്തിനു 19 ആയി കുറഞ്ഞിട്ടുണ്ടു്. അതേസമയം ലോകത്തിൽ മരണനിരക്കു് ഏറ്റവും കുറഞ്ഞ പ്രദേശങ്ങളിലൊന്നാണ് കേരളം. ആയിരത്തിനു് 6.9 ശതമാനമാണു് ഇവിടെ മരണനിരക്കു്. അതിനാൽ ജനനനിരക്കിലെ കുറവു് കേരളത്തിലെ ജനസംഖ്യാവർദ്ധനയെ സാരമായി ബാധിക്കുന്നില്ല.

കേരളത്തിൽ 65 ശതമാനം സ്ത്രീകളും സാക്ഷരരാണെന്നാണു വെപ്പു്. എന്നിട്ടും ഏതെങ്കിലും തരത്തിലുള്ള കുടുംബസംവിധാനമാർഗങ്ങൾ സ്വീകരിച്ചിട്ടുള്ളവർ 31 ശതമാനം മാത്രമാണു്.

കുടുംബസംവിധാനരംഗത്തിൽ കേരളത്തിലും തീവ്രപരിശ്രമം ആവശ്യമാണെന്നാണു് ഈ കണക്കുകൾ കാണിക്കുന്നതു്.

ആത്മാർത്ഥമായി പരിശ്രമിക്കുന്നപക്ഷം ഈ രംഗത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിയുമെന്നു മനസ്സിലാക്കാൻ നാം ചൈനയിലേക്കു നോക്കുകയേ വേണ്ടു.

സന്താനനിയന്ത്രണം ഒരു ബൂർഷ്വാ ഏർപ്പാടാണെന്നായിരുന്നു കമ്യൂണിസ്റ്റുകാരുടെ ഔദ്യോഗിക സിദ്ധാന്തം. കമ്യൂണിസത്തിനു കീഴിൽ ജനസംഖ്യ എത്ര വർദ്ധിച്ചാലും അധികമാവുകയില്ലെന്നു് അവർ കരുതിവന്നു. താരതമ്യേന അടുത്തകാലത്തു മാത്രമാണു് ഈ വിശ്വാസം തിരുത്തിക്കുറിച്ചതു്. ചൈനയിൽ സന്താനനിയന്ത്രണമാർഗങ്ങൾ പ്രചരിപ്പിക്കാൻ തുടങ്ങിയതു് ഈയിടെയാണു്.

1978–ൽ പാസ്സാക്കിയ ഭരണഘടനപ്രകാരം കുടുംബാസൂത്രണം ചൈനീസ് സ്റ്റേററിന്റെ ഔദ്യോഗിക പരിപാടിയായിത്തീർന്നു. ഇതിനെത്തുടർന്നു് പൂർണമനസ്സോടെ ചൈന സന്താനനിയന്ത്രണം നടപ്പിൽ വരുത്തി.

വിവാഹവയസ്സ് സ്ത്രീകൾക്കു് ഇരുപതും പുരുഷന്മാർക്കു് ഇരുപത്തിരണ്ടുമായി ഉയർത്തി. ഒരു കുടുംബത്തിൽ ഒരു കുട്ടി മതി എന്ന ആശയം പ്രചരിപ്പിച്ചു.

ഒരു കുട്ടി മാത്രമുള്ള കുടുംബങ്ങൾക്കു് പല സാമ്പത്തികാനുകൂല്യങ്ങളും നൽകി. കുട്ടിക്കു 16 വയസ്സാവുംവരെ ആരോഗ്യ സൗകര്യങ്ങൾക്കുള്ള സഹായധനം വർദ്ധിപ്പിച്ചു. ഒരു കുട്ടിമാത്രമുള്ള കുടുംബങ്ങൾക്കു പ്രൊഡക്ഷൻ ബ്രിഗേഡ് വെൽഫെയർ ഫണ്ടിൽനിന്നു സഹായധനം നൽകാൻ വ്യവസ്ഥയുണ്ടാക്കി. ഒരു കുട്ടി മാത്രമുള്ള മാതാവിന്റെ പ്രസവകാലാവധി ആറു മാസംകൂടി നീട്ടിക്കൊടുത്തു. പാർപ്പിടങ്ങളും കൃഷിസ്ഥലങ്ങളും അനുവദിക്കുമ്പോൾ ഏകശിശുകുടുംബങ്ങൾക്കു മുൻഗണന നൽകി. കുട്ടികൾ അധികമുണ്ടെങ്കിൽ അവർക്കു വയസ്സു നോക്കാതെ റേഷൻ നൽകുന്ന ഏർപ്പാടു നിർത്തി. സ്ക്കൂളുകളിലും ആസ്പത്രികളിലും മാതാപിതാക്കളുടെ ഏക സന്താനത്തിനു പ്രഥമ പരിഗണന നൽകി. വൃദ്ധന്മാർക്കുള്ള പെൻഷൻ അവരുടെ മുൻ ശമ്പളത്തിന്റെ 70—80 ശതമാനമാക്കി വർദ്ധിപ്പിച്ചു. (അതു നിമിത്തം അവർക്കു വാർദ്ധക്യത്തിൽ കുട്ടികളെ ആശ്രയിക്കേണ്ടതില്ലെന്നു വന്നു). ഏകശിശുകുടുംബങ്ങൾക്കു് അഞ്ചു ശതമാനം ശമ്പളവർദ്ധനവും കുട്ടികളില്ലാത്ത കുടുംബങ്ങൾക്കു് നൂറു ശതമാനം ശമ്പളവർദ്ധനവും നൽകി.

ഇതിനെല്ലാം ഫലം ഉടൻ കാണാറായി. 1960–ൽ ചൈനയിലെ ജനസംഖ്യാവർദ്ധന ആയിരത്തിനു് ഇരുപത്തഞ്ചിലേറെ (25.4) ആയി

രുന്നു. ഇന്ത്യയിലേക്കാളധികം. 1963-ൽ ഇതു് പിന്നേയും ഉയർന്നു. ആയിരത്തിനു് 33.5 ആയി. 1970-നു ശേഷം ഈ വർദ്ധന കുറഞ്ഞുവന്നു. 1976-ൽ ജനസംഖ്യാവർദ്ധന ആയിരത്തിനു 12.7 ആയിരുന്നു 1980-ൽ ആയിരത്തിനു 12 ആയി ഇതു വീണ്ടും കുറഞ്ഞു. വർദ്ധന പിന്നെയും കുറഞ്ഞു് അടുത്ത രണ്ടു പത്താണ്ടുകളിൽ ആയിരത്തിനു 10 എന്ന നിലയിൽ നില്ക്കുമെന്നും, എ.ഡി. രണ്ടായിരമാവുമ്പോഴേക്കു് ആയിരത്തിനു പൂജ്യമെന്ന നില കൈവരുമെന്നും വിശ്വസിക്കപ്പെടുന്നു. അതായതു് ചീനയിൽ ഇരുപതു വർഷംകൊണ്ടു് ജനസംഖ്യാസ്ഥിരത കൈവരും; ജനസംഖ്യ പിന്നീടു് അന്നത്തെ നിലയിൽ ഏററക്കുറച്ചിൽ കൂടാതെ തുടരും.

സാമ്പത്തികമായി മുന്നേറണമെങ്കിൽ മാത്രമല്ല, ഇന്നുള്ള ജീവിത സൗകര്യങ്ങൾ നിലനിർത്തണമെങ്കിൽത്തന്നെ, ഇന്ത്യയിലും നാം ജനസംഖ്യാസ്ഥിരത നേടിയേ മതിയാവൂ.

കക്ഷിപരിഗണനയോ മതപരിഗണനയോ കൂടാതെ ദേശീയാടിസ്ഥാനത്തിൽ ജനസംഖ്യാനിയന്ത്രണത്തിനുള്ള ഒരു തീവ്രയത്നപ്പരിപാടി, നിരന്തരമായും ഫലപ്രാപ്തിവരേയും ഇന്ത്യയിൽ നടപ്പിലാക്കേണ്ടിയിരിക്കുന്നു. പൂജ്യം ജനസംഖ്യാവർദ്ധന എന്ന ലക്ഷ്യം എന്നും നമ്മുടെ കൺമുന്നിലുണ്ടാവണം.

'നമ്മളൊന്നു്, നമുക്കൊന്നു്' എന്നതാവട്ടെ ഇന്ത്യയിലെ ദമ്പതികളുടെയെല്ലാം മുദ്രാവാക്യം. 'തിരുകുടുംബം' പോലെ തങ്ങളുടെ കുടുംബവും ഏകശിശുകുടുംബമാകുവാൻ ദമ്പതികൾ ശ്രദ്ധിക്കട്ടെ.

## 121. 2,54,03.217 കേരളീയർ

1981-ൽ നടന്ന ഇന്ത്യയിലെ ജനഗണനയിൽ വെളിപ്പെട്ട വിവരങ്ങൾ പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ടു്. ഫെബ്രുവരി 9 മുതൽ 28 വരെ ഇരുപതു ദിവസങ്ങളിലാണു് ഈ ജനഗണന നടന്നതു്. മാർച്ച് 1 ആയിരുന്നു 'നിർദിഷ്ട ദിവസം.' മാർച്ച് 1 മുതൽ 5 വരെയുള്ള അഞ്ചു ദിവസങ്ങൾ പുനഃപരിശോധനയ്ക്കായി ഉപയോഗിച്ചു. ജനഗണനയ്ക്കുള്ള പരിശ്രമങ്ങൾ കേരളത്തിൽ മൂന്നു വർഷം മുമ്പു്, 1978 ജനുവരിയിൽത്തന്നെ തുടങ്ങിയിരുന്നു. നാല്പത്തോരായിരം എന്യൂമറേറർമാരാണു് കേരളത്തിൽ ജനസംഖ്യാവിവരങ്ങൾ ശേഖരിച്ചതു്. ഇവരുടെ ജോലി എണ്ണായിരത്തിഇരുനൂറു് സൂപ്പർവൈസർമാർ പരിശോധിച്ചു. പന്ത്രണ്ടു് ഡിസ്ട്രിക് സെൻസസ് ഓഫീസർമാർക്കു കീഴിൽ, നൂററിമുപ്പതു ചാർജ് ഓഫീസർമാർ ഈ പ്രവർത്തനങ്ങളുടെ ചുമതല വഹിച്ചു. ഈ വിപുലമായ സംഘടനയുടെ ഉത്തരവാദിത്തം വഹിച്ചതു്, സ്റ്റേററിലെ സെൻസസ് ഡയറക്ടർ ശ്രീ എം. വിജയനുണ്ണി ആയിരുന്നു.

1981-ലെ ജനഗണനയ്ക്കു് ഇന്ത്യയിലൊട്ടാകെ പന്ത്രണ്ടര ലക്ഷത്തിലേറെ ആളുകൾ എന്യൂമറേറർമാരായി പ്രവർത്തിക്കുകയുണ്ടായി. തൊണ്ണൂറു കോടി അച്ചടിച്ച ഫോറങ്ങൾ ഈ പ്രവർത്തനത്തിൽ ഉപയോഗപ്പെടുത്തി. അയ്യായിരത്തി ഇരുനൂറു് മെട്രിക് ടൺ കടലാസ്സാണത്രേ ഇതിനു വേണ്ടി വന്നതു്. സെൻസസ്സിന്റെ മതിപ്പുചെലവു് നാല്പതു കോടി രൂപയായിരുന്നു. ജമ്മു-കാശ്മീർ, ആസ്സാം എന്നീ സ്റ്റേററുകളൊഴികെ ഇന്ത്യയിലെ മററെല്ലാ പ്രദേശങ്ങളിലും ഈ ജനഗണന ഒരേസമയം നടന്നു.

സർക്കാരുകൾ ജനസംഖ്യാക്കണക്കെടുത്തു തുടങ്ങിയതു് നികുതി ചുമത്തുന്നതിനുവേണ്ടിയാണെന്നു കരുതപ്പെടുന്നു. ചന്ദ്രഗുപ്ത ചക്രവർത്തി